**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2643** **06-10-2025 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പ് കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ സംരംഭ വികസന പദ്ധതിയുടെ ഭാഗമായി ജനറൽ ഓറിയന്റേഷൻ ട്രെയിനിംഗ്, സംരംഭക സഭ, ലോൺ-ലൈസൻസ്-സബ്സിഡി മേളകൾ എന്നീ പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും വ്യവസായ വകുപ്പിന്റെ പദ്ധതികളെക്കുറിച്ച് സംരംഭകരിൽ അവബോധം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തിലും ബിസിനസ്സ് ഡവലപ്മെന്റ് സർവ്വീസ് പ്രൊവൈഡർമാരെ നിയമിക്കുകയും ഹെൽപ്പ് ഡെസ്ക് സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംരംഭക സഹായപദ്ധതി പ്രകാരം 16 യൂണിറ്റുകൾക്കായി 80,96,355/- രൂപയും നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി പ്രകാരം 6 യൂണിറ്റുകൾക്കായി 11,34,340/- രൂപയും ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം 12 യൂണിറ്റുകൾക്കായി 2,69,958/- രൂപയും പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം 95 യൂണിറ്റുകൾക്കായി 4,31,44,120/- രൂപയും എം.എസ്.എം.ഇ ഇൻഷ്വറൻസ് പദ്ധതി പ്രകാരം 9 യൂണിറ്റുകൾക്കായി 25,619/- രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ